**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4801

27.10.2016-ൽ മറുപടിയ്ക്ക്

# മാവേലിക്കരയിൽ റോഡിന് വീതി കൂട്ടൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ. രാജേഷ് | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുവാൻ കായംകുളം പന്തളം റോഡിൽ കണ്ടിയൂർ പാലം മുതൽ കിഴക്കോട്ട് പുതിയകാവ് പാലം വരെയുള്ള ഭാഗവും, ബുദ്ധ ജംഗ്ഷൻ മുതൽ വടക്കോട്ട് പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് വരെയുള്ള ഭാഗവും റോഡിന് വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | മാവേലിക്കര പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുവാൻ കായംകുളം പന്തളം റോഡിൽ കണ്ടിയൂർ പാലം മുതൽ കിഴക്കോട്ട് പുതിയകാവ് പാലം വരെയുള്ള ഭാഗവും, ബുദ്ധ ജംഗ്ഷൻ മുതൽ വടക്കോട്ട് പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് വരെയുള്ള ഭാഗവും റോഡിന്റെ വീതി പരിമിതമായതിനാൽ വീതി കൂട്ടുന്നതിന് ആവശ്യമായി വരുന്ന സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുക്കേണ്ടി വരും. |
| (ബി) കണ്ടിയൂർ പാലം മുതൽ കിഴക്കോട്ട് പുതിയകാവ് പാലം വരെയും ബുദ്ധ ജംഗ്ഷൻ മുതൽ വടക്കോട്ട് പ്രൈവറ്റ് ബസ്സ്സ്റ്റാന്റ് വരെയും പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കൈയ്യേറ്റം ചെയ്തത് ഒഴിപ്പിക്കുന്നതിനും, റോഡ് വക സ്ഥലം സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | കണ്ടിയൂർ പാലം മുതൽ കിഴക്കോട്ട് പുതിയകാവ് പാലം വരെയും ബുദ്ധ ജംഗ്ഷൻ മുതൽ വടക്കോട്ട് പ്രൈവറ്റ് ബസ്സ്സ്റ്റാന്റ് വരെയും പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള സർവ്വേ നടപടികൾ നടത്തേണ്ട സ്ഥലത്തിന്റെ വിസ്തൃതി കൂടുതലായതിനാൽ ഒരു സർവ്വേ ടീമിനെ നിയമിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനായി ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രസ്തുത കൈയ്യേറ്റം അളന്ന് തിട്ടപ്പെടുത്തിയതിനു ശേഷം മാത്രമേ പൊതുമരാമത്ത് റോഡ് പുറമ്പോക്ക് ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും സ്ഥലം സംരക്ഷിക്കുന്നതിനും സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ